മി. സ്പീക്കർ : 29-ാമത്തെ ചോദ്യത്തിന്റെ ഉത്തരംകൂടി ഇപ്പോൾ പറയാം.

വാർദ്ധക്യകാല പെൻഷൻ

* 968. [29] ശ്രീ. കെ അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലാകെ 1963-64-ൽ എത്രപേർക്ക് വാർദ്ധക്യകാല പെൻഷൻ നൽകിയിട്ടുണ്ട് ;

(ബി) ജില്ലകൾതോറും എത്ര ;

(സി) കോഴിക്കോട്ട് ജില്ലയിലെ ഓരോ താലൂക്കിലും എത്ര വീതം കൊടുത്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ആർ ശങ്കർ) :

(എ) പ്രസ്തുത സാമ്പത്തിക വർഷത്തിൽ 1964 ജനുവരി അവസാനം വരെ 3,598 പേർക്ക് വാർദ്ധക്യകാല പെൻഷൻ പുതുതായി അനുവദിച്ചിട്ടുണ്ട്.

(ബി) ജില്ലാ തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

തിരുവനന്തപുരം	332
കൊല്ലം	235
ആലപ്പുഴ	464
കോട്ടയം	163
എറണാകുളം	419
തൃശ്ശൂർ	608
പാലക്കാട്	264
കോഴിക്കോട്	641
കണ്ണൂർ	472
ആകെ	3598.

(സി)

കോഴിക്കോട് താലൂക്ക്	—	215
കൊയിലാണ്ടി താലൂക്ക്	—	65
വടകര	—	73
തിരൂർ	—	106
ഏറനാട്	—	174
തെക്കേവയനാട്	—	8
ആകെ		641

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : വാർദ്ധക്യകാല പെൻഷന്റെ പ്രായം 70 വയസ്സ് എന്നുള്ളതു് 65 ആക്കി കുറച്ചതായി കാണാൻ കഴിഞ്ഞു. അങ്ങനെയുള്ള ആർഡർ ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോൾ ആർഡർ അയച്ചിട്ടുണ്ട്. അതു ഇന്നു മുതലാണ് നടപ്പിൽ വരുന്നതു്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : വാർദ്ധക്യകാല പെൻഷൻ തുച്ഛമായ വരുമാനമുള്ളവർക്കുകൂടി അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : അങ്ങനെ വരുമാനമുള്ളവരായാൽ ഡെസ്റ്റിറ്റ്യൂട്ടാകുകയില്ല. വേറെ വരുമാനമൊന്നുമില്ലെങ്കിൽ പെൻഷൻ കൊടുക്കും. വേറെ വരുമാനമുള്ളതു് കൊടുക്കുന്ന പെൻഷനേക്കാൾ കുറവാണെങ്കിൽ വ്യത്യാസം എത്രയാണെന്നു കണക്കാക്കി അത്രയും തുക കൊടുക്കാം.

ശ്രീ. സി. എം. കുട്ടി : വാർദ്ധക്യകാല പെൻഷനു അപേക്ഷ അയച്ചാൽ അതു കെട്ടിക്കിടക്കുന്നതു് വയസ്സു് തെളിയിക്കുന്ന കാര്യത്തിലുള്ള വിഷമംകൊണ്ടാണു്. ഇപ്പോഴും വയസ്സു് നിശ്ചയിക്കുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്നതു് കളക്ടർക്കാണു്. അതുകൊണ്ടാണു് കൂടുതൽ കാലതാമസം ഉണ്ടാകുന്നതു്. അതുകൊണ്ടു് താലൂക്കു് ലെവലിലും വില്ലേജു് ലെവലിലും വയസ്സു് നിർണ്ണയിക്കുന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിനു് വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : വയസ്സു് നിശ്ചയിക്കൽ, വ്യക്തമായി പറയാൻ കഴിയാത്ത ഒരു കാര്യമാണു്. വയസ്സു് നിശ്ചയിക്കുന്നതിനുള്ള വിവേചനാധികാരം എല്ലാ ഉദ്യോഗസ്ഥന്മാർക്കും കൊടുക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുകയില്ല. ഇപ്പോഴും അതിനുള്ള അധികാരം കളക്ടർക്കു് കൊടുത്തിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : താമസിക്കാൻ ഒരു ചെറിയ പുര മാത്രം ഉണ്ടെങ്കിൽ സ്വന്തമാണെന്നു പരിഗണിച്ചു് വാർദ്ധക്യകാല പെൻഷൻ നിഷേധിക്കുന്ന കേസുകളുണ്ടു്. താമസിക്കുന്നതിനു് സൗകര്യമില്ലെങ്കിൽ തെണ്ടി എന്നു പറഞ്ഞു് അങ്ങനെ നിഷേധിച്ച കേസുകളുമുണ്ടു്. ഇതു നിഷ്ഠുരത കാണിക്കാതെ ന്യായമായ രീതിയിൽ ഇതു കൈകാര്യം ചെയ്യുന്നതിനു് വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : നിഷ്ഠുരതയുടെ ഫലമായിട്ടാണു് ഇങ്ങനെയുള്ള ഒരേർപ്പാടു് വച്ചിരിക്കുന്നതെന്നു ആരും വിചാരിക്കുമെന്നു് തോന്നുന്നില്ല. ഇതു പ്രയോഗിക്കുന്ന കാര്യത്തിൽ വല്ല ഉദ്യോഗസ്ഥന്മാരും ആവശ്യമില്ലാതെ കർശനമായി എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്നുള്ളതൊന്നും പറയുവാൻ കഴിയുകയില്ല. പരാതി വന്നാൽ അതേപ്പറ്റി തീർച്ചയായും അന്വേഷിക്കും. പൊതുവിൽ കൊടുത്തിട്ടുള്ള നിർദ്ദേശം അതു അർഹിക്കുന്ന എല്ലാ ആളുകൾക്കും തന്നെ കൊടുക്കാൻ തക്കവിധം പെരുമാറണമെന്നാണു്.

Workshop training centre for the Physically Handicapped Persons

* 969. [7] **Shri K. C. Abraham** : Will the Minister for Labour be pleased to state :

(a) do Government contemplate the opening of a workshop training centre for the physically handicapped persons ;

(b) has any voluntary organisation offered to take steps to rehabilitate the physically handicapped and to provide employment opportunities for them in industries ; if so which are they ; and

(c) have Government given them any help ?

Chief Minister (**Shri R. Sankar**) :

(a) Yes. (At Karamana Trivandrum under the Third five Year Plan.)

(b) The Kerala Blind Welfare Association, Mankada, Pallippuram, has reported that they are running an institution viz., the Kerala Industrial Home for the Blind, Mankada pallippuram, where training is given to blind children in vocational subjects such as weaving, coir works, rattan work and music.

(c) The question of giving financial assistance for the institution is under consideration of Government.

LIBRARY ARCHIVES Kerala Legislative Assembly